**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഡിസൈൻ പോളിസി ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഡിസൈൻ പോളിസി ടൂറിസം വികസനത്തിന് എങ്ങനെയെല്ലാമാണ് സഹായകരമാകുന്നതെന്ന് വിശദമാക്കാമോ; | (എ) | നമുക്കു ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിനു സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശക ചട്ടക്കൂട് ആണ് രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി. കെട്ടിടങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, തെരുവോരങ്ങൾ, സ്ട്രീറ്റ് ഫർണിച്ചറുകൾ, ലാന്റ്സ്കേപ്പിംഗ് തുടങ്ങി എല്ലാ ഘടകങ്ങളെയും ഉൾക്കൊള്ളുന്നതാണ് രൂപകൽപന നയം. ഇതിന്റെ ഭാഗമായി സന്ദർശകർക്ക് നല്ല അനുഭവങ്ങൾ പ്രദാനം ചെയ്യുക, ജനകേന്ദ്രീകൃതമായ ടൂറിസം കേന്ദ്രങ്ങളുടെ വികസനം, സന്ദർശകർക്ക് പുതിയ കാഴ്ചാനുഭവങ്ങൾ സമ്മാനിക്കൽ, നല്ല ടൂറിസം കേന്ദ്രങ്ങൾ വളർത്തിയെടുക്കൽ, എല്ലാവർക്കും എത്തിച്ചേരാവുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തൽ, പുതിയ ലാന്റ്മാർക്കുകൾ സൃഷ്ടിക്കൽ, പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, ഉന്നതനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, ഉത്തരവാദിത്ത ടൂറിസം സമന്വയിപ്പിക്കൽ മുതലായവ വഴി ഒരു മേഖലയുടെ സമഗ്രമായ വികസനത്തിന് ആവശ്യമായ ചട്ടക്കൂട് ഒരുക്കുവാൻ ഡിസൈൻ പോളിസി സഹായകരമാകും.<br><br>ഡിസൈൻ പോളിസിയുടെ ഭാഗമായി ഒരുക്കിയ ROBകൾക്ക് കീഴിലെ വി-പാർക്ക് പദ്ധതി വലിയ സ്വീകാര്യത നേടി. കൊല്ലത്ത് ആരംഭിച്ച പദ്ധതി ടൂറിസം വികസനത്തിന് സഹായകരമായി. കൂടുതൽ വി-പാർക്കുകൾ ആരംഭിക്കുവാൻ ഇത് സഹായകരമാണ്. |

| | | | |
|---|---|---|---|
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ഏകീകരണം സാധ്യമാകുന്നതിന് ഡിസൈൻ പോളിസി സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഡിസൈൻ പോളിസി എന്നത് വിവിധ പ്രദേശങ്ങൾ/ മേഖലകൾ/നിർമ്മിതികൾ മുതലായവ രൂപകൽപന ചെയ്യപ്പെടുക്കുന്നത് സംബന്ധിച്ച ഒരു പൊതുവായ ചട്ടക്കൂട് ആണ്. കേരളം എന്ന സമഗ്രമായ അനുഭവം സന്ദർശകർക്ക് ഉളവാക്കുവാൻ ഇത് സഹായകരമാണ് . |
| (സി) | വിനോദസഞ്ചാര മേഖലയിലെ പഴയ കെട്ടിടങ്ങൾ നവീകരിക്കുമ്പോൾ അവയുടെ പൈതൃകത്തനിമ നിലനിർത്തിക്കൊണ്ടുള്ള ഡിസൈൻ ഉറപ്പാക്കാൻ പ്രസ്തുത പോളിസിയിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുകയും നവീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഒരു പ്രത്യേക വിഭാഗം തന്നെ ഡിസൈൻ പോളിസിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് . പരമ്പരാഗത നിർമ്മാണ വസ്തുക്കളുടെ ഉപയോഗം, നിർമ്മാണരീതികൾ മുതലായവ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ പരിശീലനം നൽകുക, പൈതൃക കെട്ടിടങ്ങൾ, മേഖലകൾ, രീതികൾ മുതലായവ ഡിജിറ്റൈസ് ചെയ്യുക, ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കായി ഹെറിറ്റേജ് ഫണ്ട് വകയിരുത്തുക തുടങ്ങി വിവിധ നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട് . |
| (ഡി) | ഗ്രാമീണ ടൂറിസം പദ്ധതികളിൽ ഡിസൈൻ പോളിസി നടപ്പിലാക്കുമ്പോൾ പ്രാദേശിക തനിമയും കലകളും കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ പദ്ധതികളുണ്ടോ? | (ഡി) | പ്രാദേശിക ടൂറിസം പദ്ധതികളിൽ തനതായ നിർമ്മാണരീതികളും, പ്രാദേശിക നിർമ്മാണവസ്തുക്കളും പ്രോത്സാഹിപ്പിക്കുക ഡിസൈൻ സംബന്ധിച്ച തീരുമാനങ്ങളിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങി ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഡിസൈൻ പോളിസിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ